**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6249** **10-07-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും നൽകിവരുന്ന നഷ്ടപരിഹാരത്തിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയെന്നും ആയതിനായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടെങ്കിൽ എത്രയെന്നും അറിയിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാന ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നും, 2406-02-110-35 Project Elephant (Plan), 2406-02-110-52 IDWH (Protection of Wildlife Habitats outside protected areas (Plan) എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിൽ (Centrally Sponsored Scheme) നിന്നാണ് വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകിവരുന്നത്. സംസ്ഥാന ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നും നൽകുന്ന നഷ്ടപരിഹാരം പൂർണ്ണമായും സംസ്ഥാന വിഹിതമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും നൽകുന്ന നഷ്ടപരിഹാരത്തിൽ കേന്ദ്ര സംസ്ഥാന അനുപാതം 60:40 ആണ്. 2023-24 വർഷത്തിൽ 2406-02-110-35 Project Elephant (Plan) ശീർഷകത്തിൽ 44.51 ലക്ഷം രൂപ കേന്ദ്രവിഹിതമായും 29.67 ലക്ഷം രൂപ സംസ്ഥാന വിഹിതമായും 2406-02-110-52 IDWH (Protection of Wildlife Habitats outside Protected Areas (Plan) 30 ലക്ഷം രൂപ കേന്ദ്രവിഹിതമായും 20 ലക്ഷം രൂപ സംസ്ഥാന വിഹിതമായും നഷ്ടപരിഹാരം നൽകുന്നതിനായി ലഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാന ബഡ്ജറ്റ് ശീർഷകമായ “2406-02-110-09 Measures to Reduce Man-Animal Conflict (MRMAC)” ൽ 751.11 ലക്ഷം രൂപയും “2406-01-800-92 Relief to Victims (NP)” ൽ 1361.36 ലക്ഷം രൂപയും മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള നഷ്ടപരിഹാരം നൽകുന്നതിനായി 2023-24 വർഷത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട് .2023-2024 സാമ്പത്തിക വർഷം ആകെ ലഭിച്ച സംസ്ഥാന സർക്കാർ വിഹിതം 2162.14 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും കേന്ദ്ര സർക്കാർ വിഹിതം 74.51ലക്ഷം രൂപയുമാണ്. |
| (ബി) | വന്യജീവി ശല്യം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുക അവസാനമായി പരിഷ്കരിച്ചത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം തീയതി 05/04/2018 പ്രകാരമാണ് വന്യജീവി ശല്യം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുക അവസാനമായി പരിഷ്കരിച്ചത്. 08/01/2015 ലെ GO(MS) No. 02/2015/F&WLD ലെ നിരക്കുകൾ പ്രകാരമാണ് വിള നാശത്തിനുള്ള നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | വനമേഖലയോട് ചേർന്ന് കൃഷി ചെയ്യുന്ന വിളകൾക്ക് കാർഷിക ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുമോ; വിശദമാക്കാമോ; വന്യജീവി ആക്രമണമുണ്ടാകുമ്പോൾ അടിയന്തരമായി ഉപയോഗിക്കേണ്ട എസ്.എഫ്.ഡി.എ. ഫണ്ട് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി ഇല്ലാതെ ഉപയോഗിക്കാവുന്ന തരത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുമോ; വിശദമാക്കുമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള നഷ്ടപരിഹാരത്തിനു പകരം കാർഷികവിളകൾക്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നു വരുന്നതും ഈ വിഷയത്തിൽ സമാന രീതിയിലുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്ന മറ്റു വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, ദുരന്തനിവാരണം, തദ്ദേശ-സ്വയംഭരണം എന്നീ വകുപ്പുകളുമായി യോഗംചേരുകയുണ്ടായി . കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടം, കന്നുകാലികൾക്കുണ്ടാകുന്ന നാശം/അപകടം എന്നിവയ്ക്ക് നിലവിൽ കൃഷിവകുപ്പിന്റേയും മൃഗസംരക്ഷണ വകുപ്പിന്റേയും കീഴിൽ നഷ്ടപരിഹാരം/ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ വനം വകുപ്പിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണം, സ്ഥായിയായ അംഗവൈകല്യം, പരിക്ക്, medical treatment assistance, എന്നിവയ്ക്കു മാത്രമായി ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി വിഷയവുമായി ബന്ധപ്പെട്ട വിവിധ വസ്തുതകൾ പരിശോധിച്ച് വരികയാണ്.<br><br>ഇക്കോടൂറിസം കേന്ദ്രങ്ങളിലെ വന വികസന ഏജൻസികൾ (FDA) സ്വരൂപിക്കുന്ന ഇക്കോ-സിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF) സർക്കാർ ഉത്തരവ് നമ്പർ 40/2017/വനം തീയതി 23/08/2017 പ്രകാരം അതാത് വന വികസന ഏജൻസികളും സംസ്ഥാന വന വികസന ഏജൻസിയും (SFDA) വിനിയോഗിച്ചുവരുന്നു. SFDA ഫണ്ട്, വന്യജീവി ആക്രമണമുണ്ടാകുമ്പോൾ അടിയന്തരമായി ഉപയോഗിക്കുന്നതിനുള്ളതല്ല. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ ഫണ്ടിന് |

| | | | |
|---|---|---|---|
| | | | കടുത്ത അപര്യാപ്തത നേരിടുമ്പോൾ SFDA ൽ ലഭ്യമായ ഫണ്ടിൽ നിന്നും വായ്പ എടുത്ത് നഷ്ടപരിഹാരത്തുക നൽകാറുണ്ട്. ആയത് തിരിച്ചടയ്ക്കേണ്ട വായ്പയായതിനാൽ ധനകാര്യവകുപ്പിന്റെ മുൻകൂർ അനുമതി തേടാറില്ല. |
| (ഡി) | കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ പുനലൂർ, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം വനം ഡിവിഷനുകളിലായി വന്യജീവി ശല്യം മൂലം കൃഷിനാശം സംഭവിച്ചവർക്ക് എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ടെന്നും വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കുമായി എത്ര തുക നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ഡി) | വിശദവിവരം അനുബന്ധം -2 ആയി ചേർക്കുന്നു. |
| (ഇ) | പുനലൂർ, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം ഡിവിഷനുകളുടെ കീഴിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഫോറസ്റ്റ് വാച്ചർമാർ ഉൾപ്പെടെയുള്ള താത്കാലിക ജീവനക്കാർക്ക് വേതന കുടിശിക നൽകാനുണ്ടോ; എങ്കിൽ അത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഇ) | ഫോറസ്റ്റ് വാച്ചർമാർ ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാർക്ക് MRMAC ശീർഷകത്തിൽ വേതന കുടിശ്ശികയില്ല. എന്നാൽ മറ്റ് വിവിധ ശീർഷകങ്ങളിൽ അംഗീകരിച്ച അടങ്കലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള താൽക്കാലിക വാച്ചർമാർക്ക് നൽകാനുള്ള വേതന കുടിശ്ശിക സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (എഫ്) | പ്രസ്തുത വനം ഡിവിഷനുകളുടെ കീഴിൽ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വന്യജീവി ആക്രമണങ്ങളിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ; പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടതും പരിക്കേറ്റതുമായ വളർത്തുമൃഗങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (എഫ്) | വിശദവിവരം അടങ്ങിയ പട്ടിക അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട് |
| (ജി) | പ്രസ്തുത ഡിവിഷനുകളിൽ ഈ കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്ന് ജീവൻ നഷ്ടപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം അറിയിക്കുമോ? | (ജി) | വിശദവിവരം അടങ്ങിയ പട്ടിക അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 2(എ), 3(എ)(1), 3(എ)(2), 3(എ)(3), 3(എ)(4), 4(ഡി), 5(എ) എന്നിവയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയും നഷ്ടപരിഹാരതുക വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം./17/2018/വനം** തീയതി,തിരുവനന്തപുരം, 05/04/2018

---

പരാമർശം:- 1) 22/03/2013-ലെ സ.ഉ(എം.എസ്) നം. 32/2013/വനം.

2) 17/11/2014-ലെ സ.ഉ(എംഎസ്) നം.96/2014/വനം.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 27/09/2017-ലെ ഡബ്ള്യ.എൽ 1- 2081/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള നിയമസഭയുടെ വിഷയനിർണ്ണയസമിതി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിലെ പത്താമത് ശുപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകി വരുന്ന നിലവിലുള്ള നഷ്ടപരിഹാര തുക 5 ലക്ഷത്തിൽനിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ചു നല്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന്, വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനിയ്ക്കും പരിക്കിനും കൃഷിനാശത്തിനും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിലേക്കായി "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 3(എ)(1), 3(എ)(2), 3(എ)(3), 3(എ)(4), 4(ഡി), 5(എ) എന്നിവയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി നഷ്ടപരിഹാരതുക കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ശുപാർശ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കന്നുകാലികൾക്കും മറ്റു വസ്തുവകകൾക്കും കൃഷിയ്ക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരമാവധി 75000 രൂപയാണ് നൽകിയിരുന്നത്. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5ലക്ഷം രൂപയും വനത്തിനു പുറത്തുവെച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകിയിരുന്നത്.

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയ്ക്കനുസൃതമായി മുഖ്യവനപാലകൻ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനിയ്ക്കും പരിക്കിനും കൃഷിനാശത്തിനും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനായി "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" ചട്ടങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നിലവിലുള്ള വ്യവസ്ഥകൾ | ഭേദഗതി |
|---|---|
| | |

| | |
|---|---|
| | |
| ചട്ടം 3(എ)(1)<br>മനുഷ്യ ജീവഹാനി:<br>വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5ലക്ഷം രൂപ നൽകാവുന്നതാണ്. വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. | ചട്ടം 3(എ) (1)<br>മനുഷ്യ ജീവഹാനി :<br>വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10ലക്ഷം രൂപ നൽകാവുന്നതാണ്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം രണ്ട് ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |
| ചട്ടം 3(എ)(2)<br>സ്ഥായിയായ അംഗവൈകല്യം- വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് 75,000/- (എഴുപത്തി അയ്യായിരം) രൂപ വരെ നൽകാം. | ചട്ടം 3(എ)(2)<br>സ്ഥായിയായ അംഗവൈകല്യം- വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് 200,000/- (രണ്ട് ലക്ഷം) രൂപ വരെ നൽകാം. |
| ചട്ടം 3(എ)(3)<br>കന്നുകാലി നഷ്ടം; കൃഷി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ- വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം) , പരമാവധി 75,000/- (എഴുപത്തി അയ്യായിരം) രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. | ചട്ടം 3(എ)(3)<br>കന്നുകാലി നഷ്ടം; കൃഷി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ- വീടുകൾ / കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം), പരമാവധി 100,000/- (ഒരു ലക്ഷം) രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. |

| | |
|---|---|
| | |
| ചട്ടം 3(എ)(4)<br>വ്യക്തികൾക്കുണ്ടാകുന്ന പരിക്ക്-<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി 75,000/- (എഴുപത്തി അയ്യായിരം) രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. | ചട്ടം 3(എ)(4)<br>വ്യക്തികൾക്കുണ്ടാകുന്ന പരിക്ക്-<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി 100,000/- (ഒരുലക്ഷം) രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. |
| ചട്ടം 4(ഡി)<br>നഷ്ടപരിഹാരം നൽകൽ:<br>മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 15 ദിവസത്തിനകം പുറപ്പെടുവി-ക്കുകയും ചെയ്യേണ്ടതാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ ചട്ടം5 പരിഗണിക്കേണ്ടതാണ്. | ചട്ടം 4(ഡി)<br>നഷ്ടപരിഹാരം നൽകൽ:<br>മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 1 5 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 1 5 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ ചട്ടം 5 പരിഗണിക്കേണ്ടതാണ്. റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ച ശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 5 0 % മരണപ്പെട്ടയാളുടെ |

| | |
|---|---|
| | നിയമപരമായ അവകാശികൾക്ക് നൽകേണ്ടതാണ്. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകേണ്ടതാണ്. |
| ചട്ടം 5 (എ)<br><u>നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത വ്യക്തികൾ:</u><br>വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന്യ ജീവി (സംരക്ഷണം) നിയമം, 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റ കൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ നഷ്ട പരിഹാരത്തിന് അർഹതയില്ല. | ചട്ടം 5 (എ)<br><u>നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത വ്യക്തികൾ:</u><br>വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന്യ ജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ട പരിഹാരത്തിന് അർഹതയില്ല. എന്നിരുന്നാലും സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റ കൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണ്. |

1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 2 (എ) ൽ 'വന്യജീവി' എന്ന നിർവ്വചനത്തിൽ "നാട്ടാന" എന്നുകൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു. വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വന്യ ജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് )(ഇനം നമ്പർ 2037 പ്രകാരം)
ധനകാര്യ വകുപ്പ് (26/12/2017-ലെ 675902/അഗ്രി.ബി1/407/2017/ധന അനൗ.കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2834

# GOVERNMENT OF KERALA

## Abstract

Forest & Wild Life Department –Fixing Compensation rates for various crops (individually) lost due to attack by wild animals - Orders issued in compliance of assurance given in G.O.(Rt) No. 101/2014/F&WLD dated 03.03.2014 and direction of the Hon. Human Rights Commission in HRMP No.5671/2014 dated 02/07/2014 and 04/09/2014.

## FOREST & WILD LIFE (D) DEPARTMENT

GO.(Ms) No. 02/2015/F&WLD Thiruvananthapuram, Dated: 08.01.2015

Read:

1) The Kerala Rules for Compensation to victims of Attack by Wild animals Rules,1980
2) G.O.(MS) No. 96/2004/Agri dated 06.04.2004 issued from the Agriculture Department
3) G.O.(MS) No. 239/2012/DMD dated 11.06.2012 issued from the Revenue Department
4) G.O.(Ms) No.32/2013/F&WlD dated 22.03.2013
5) G.O.(Rt) No. 101/2014/F&WLD dated 03.03.2014
6) W.P © 16692/2014 filed by Smt. Laissy Thomas before the Hon'ble High Court
7) Order of the Hon Human Rights Commission dated 02/07/2014 and 04/09/2014
8) Letter No. WL1-2081/2011 dated 08.07.2014 from the Principal Chief Conservator of Forests(Wildlife), Thiruvananthapuram

PCCF (WL) & CWW

## ORDER

Government have enacted the Kerala Rules for payment of Compensation to the victims of attack by wild animals, 1980 *(read as 1st paper above)* with a view to provide assistance to the affected parties for death, injury and loss of crops houses etc. due to the attack by wild animals. The Rules were amended from time to time making sufficient increase in the rates of compensation payable to victims. However, the Forest Department have not issued separate orders for calculating the value of lost crops individually, instead, the value of loss of individual crops were calculated based on the Government orders issued by the Agriculture Department from time to time. The latest order issued by the Agriculture Department in this regard is read as 2nd paper above.

After the year 2004 Agriculture Department have not issued any orders fixing the rates of compensation for loss of crops. Agriculture Department now follows the rates fixed the Revenue Disaster Management Department for calculating the compensation for loss of crops.(*order read as 3rd paper above*).

2) As per G.O read as 4th paper above Government have revised the total compensation payable for loss of crops due attack of Wildanimals from Rs. 50,000/- to Rs.75,000/- and the payment to a particular individual for loss has been restricted to 4 times a year.

3) In the G.O read as 5th paper above an undertaking was given by the Government for preparing a comprehensive proposal for payment of compensation considering not only the cultivated area of the lost crops but also the age of destroyed crops. In the meantime Smt Laissy Thomas, a resident of Idukki District has filed Writ Petition read as 6th paper above requesting to direct the Government to issue orders for fixing compensation for crops considering age of the destroyed crops also. The Hon. Human Rights Commission vide orders read as 7th paper above has also directed the Government to revise the compensation payable for loss of individual crops considering the present conditions.

4) A meeting regarding the issue was held on 31.10.2014 and it was decided to fix compensation for loss of crops individually with a 10% increase on the rates fixed by the Disaster Management (Revenue-K) Department vide G.O read as 3rd paper above as detailed below:

| Name of Crop | Rates fixed by the Revenue Department vide G.O (MS) No. 239/2012/ DMD dated 11.06.2012 | Rate to be fixed by the Forest Department (with 10% increase on rates mentioned at Column 2) |
|---|---|---|
| Paddy (per ha.) | 10000 | 11000 |
| Coconut (Bearing per No.) | 700 | 770 |
| Coconut (Not Bearing per No.) | 350 | 385 |
| Coconut (up to one year per No.) | 100 | 110 |
| Banana (Bunched per No.) | 100 | 110 |
| Banana (Non Bunched per No.) | 75 | 83 |
| Rubber (Tapping Per No.) | 300 | 330 |

| | | |
|---|---|---|
| Rubber ( Non taping per No.) | 200 | 220 |
| Cashew (bearing per No.) | 150 | 165 |
| Cashew (Non bearing above 3/years per No.) | 100 | 110 |
| Arecanut (bearing per No.) | 150 | 165 |
| Arecanut (Non bearing per No.) | 100 | 110 |
| Cocoa (Bearing per No.) | 100 | 110 |
| Coffee (per No) | 100 | 110 |
| Pepper (bearing per No) | 75 | 83 |
| Ginger(for 10 cents) | 150 | 165 |
| Turmeric (for 10 cents) | 120 | 132 |
| Tapioca (grown above two months) | 150 | 165 |
| Groundnut (ha) | 2000 | 2200 |
| Sesamum (50 cents) | 1200 | 1320 |
| Vegetables (for 10 cents) | 200 | 220 |
| Nutmeg (bearing per No) | 400 | 440 |
| Nut meg (non bearing) | 150 | 165 |
| Clove (bearing per No) | 200 | 220 |
| Clove (non bearing per No) | 100 | 110 |
| Cardamom (ha) | 2500 | 2750 |
| Betel vine (1 cent) | 300 | 330 |
| Pulses (1 ha) | 1000 | 1100 |
| Tuber Crops (Colossiayam etc) 10 cents | 150 | 165 |
| Sugar cane (1 ha) | 2500 | 2750 |
| Pineapple (for 10 cents) | 750 | 825 |
| Fodder grass (10 cents) | 150 | 165 |
| Mulberry (50 cents) | 750 | 825 |
| Tobacco (10 cents) | 1500 | 1650 |
| Cotton (10 cents) | 300 | 330 |

5) In the circumstances Government are pleased to fix the rates of compensation payable to the loss of crops (each crop separately) due to attack of wild animals as

detailed below. The total compensation payable will be subject to the amount and conditions specified in Government order read as 4th paper above.

| Name of Crop | Rate of compensation to be payable for loss of crops |
|---|---|
| Paddy (per ha.) | 11000 |
| Coconut (Bearing per No.) | 770 |
| Coconut (Not Bearing per No.) | 385 |
| Coconut (up to one year per No.) | 110 |
| Banana (Bunched per No.) | 110 |
| Banana ( Non Bunched per No.) | 83 |
| Rubber (Tapping Per no) | 330 |
| Rubber ( Non tapping per No.) | 220 |
| Cashew (bearing per No.) | 165 |
| Cashew (Non bearing above 3 years per No.) | 110 |
| Arecanut (bearing per No.) | 165 |
| Arecanut (Non bearing per No.) | 110 |
| Cocoa (Bearing per No.) | 110 |
| Coffee (per No) | 110 |
| Pepper (bearing per No) | 83 |
| Ginger (for 10 cents) | 165 |
| Turmeric (for 10 cents) | 132 |
| Tapioca (grown above two months) | 165 |
| Groundnut (per ha.) | 2200 |
| Sesamum (for 50 cents) | 1320 |
| Vegetables (for 10 cents) | 220 |
| Nutmeg (bearing per No) | 440 |
| Nut meg (non bearing) | 165 |
| Clove (bearing per No) | 220 |
| Clove (non bearing per No) | 110 |
| Cardamom (per ha.) | 2750 |
| Betel vine (1 cent) | 330 |
| Pulses (per 1 ha.) | 1100 |
| Tuber Crops (Colossiayam etc) for 10 cents | 165 |

| | |
|---|---|
| Sugar cane (per ha) | 2750 |
| Pineapple (for 10 cents) | 825 |
| Fodder grass ( for 10 cents) | 165 |
| Mulberry (for 50 cents) | 825 |
| Tobacco (for 10 cents) | 1650 |
| Cotton (for 10 cents) | 330 |

(By order of the Governor)

**P.K.MOHANTY**
Additional Chief Secretary

To

1) The Principal Chief Conservator of Forests & Head of Forest Forces, Thiruvananthapuram.
2) The Principal Chief Conservator of Forests (WL), Thiruvananthapuram.
3) The Accountant General (A&E/Audit), Thiruvananthapuram.
4) The Advocate General Eranakulam (with C/L)
5) The Registrar, Kerala State Human Rights Commission, Thiruvananthapuram (With C/L)
6) The Director, I & PRD (for uploading in official website)
7) Stock File/Office Copy

Forwarded/by order

Section Officer

Annexure- -2-6249

| LA No. 6249– Q No.D,F & G – (അനകസ്ർ -I) | | (രൂപ ലക്ഷത്തിൽ) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വർഷം | ഡിവിഷൻ | കൃഷിനാശം | | കാലി നാശം | | പരിക്ക് | | മരണം | | ജീവൻ നഷ്ടപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം |
| | | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | |
| 2015 | അച്ചൻകോവിൽ | 6 | 0.53 | 1 | 0 | 1 | 0.27 | 0 | 0 | 0 |
| | പുനലൂർ | 24 | 2.23 | 18 | 1.03 | 13 | 2.79 | 5 | 10.00 | 10 |
| | തെന്മല | 19 | 0.83 | 45 | 2.47 | 1 | 0.07 | 0 | 0 | 1 |
| | തിരുവനന്തപുരം | 44 | 4.64 | 2 | 0.2 | 5 | 0.98 | 5 | 5.00 | 9 |
| 2016 | അച്ചൻകോവിൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | പുനലൂർ | 67 | 4.42 | 21 | 4.9 | 46 | 12.03 | 9 | 9.00 | 14 |
| | തെന്മല | 11 | 0.89 | 6 | 0.53 | 5 | 0.5 | 0 | 0 | 1 |
| | തിരുവനന്തപുരം | 117 | 15.38 | 2 | 0.102 | 16 | 2.68 | 5 | 20.00 | 5 |
| 2017 | അച്ചൻകോവിൽ | 0 | 0 | 0 | 0 | 2 | 0.13 | 0 | 0 | 0 |
| | പുനലൂർ | 115 | 7.63 | 9 | 1.48 | 18 | 6.80 | 4 | 8.00 | 10 |
| | തെന്മല | 30 | 0.96 | 17 | 1.25 | 5 | 0.49 | 0 | 0.00 | 2 |
| | തിരുവനന്തപുരം | 285 | 14.47 | 0 | 0.00 | 31 | 4.27 | 6 | 18.00 | 0 |
| 2018 | അച്ചൻകോവിൽ | 7 | 1.18 | 0 | 0.00 | 2 | 0.24 | 0 | 0.00 | 0 |
| | പുനലൂർ | 118 | 8.25 | 13 | 2.64 | 47 | 13.26 | 4 | 16.00 | 16 |
| | തെന്മല | 20 | 1.05 | 14 | 2.00 | 9 | 1.27 | 0 | 0.00 | 0 |
| | തിരുവനന്തപുരം | 292 | 11.08 | 0 | 0.00 | 33 | 3.37 | 5 | 6.00 | 2 |
| 2019 | അച്ചൻകോവിൽ | 3 | 0.48 | 0 | 0.00 | 0 | 0.00 | 0 | 0.00 | 0 |
| | പുനലൂർ | 226 | 12.22 | 24 | 4.87 | 33 | 15.82 | 7 | 13.00 | 4 |
| | തെന്മല | 60 | 2.74 | 23 | 3.23 | 8 | 1.64 | 0 | 0.00 | 12 |
| | തിരുവനന്തപുരം | 157 | 5.81 | 0 | 0.00 | 34 | 6.50 | 5 | 19.00 | 2 |
| 2020 | അച്ചൻകോവിൽ | 4 | 0.65 | 3 | 0.39 | 0 | 0.00 | 0 | 0.00 | 0 |
| | പുനലൂർ | 210 | 11.58 | 6 | 1.35 | 45 | 18.35 | 4 | 8.00 | 4 |
| | തെന്മല | 35 | 2.92 | 17 | 2.09 | 12 | 1.36 | 0 | 0.00 | 7 |

| LA No. 6249– Q No.D,F & G – (അനകസ്ർ -I) | | | | (രൂപ ലക്ഷത്തിൽ) | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വർഷം | ഡിവിഷൻ | കൃഷിനാശം | | കാലി നാശം | | പരിക്ക് | | മരണം | | ജീവൻ നഷ്ടപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം |
| | | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | |
| | തിരുവനന്തപുരം | 162 | 4.54 | 4 | 1.13 | 40 | 2.58 | 3 | 28.00 | 2 |
| 2021 | അച്ചൻകോവിൽ | 12 | 1.26 | 2 | 0.18 | 1 | 0.19 | 0 | 0.00 | 0 |
| | പുനലൂർ | 213 | 14.15 | 18 | 2.76 | 28 | 18.80 | 7 | 22.00 | 2 |
| | തെന്മല | 22 | 0.94 | 28 | 3.14 | 4 | 0.20 | 0 | 0.00 | 9 |
| | തിരുവനന്തപുരം | 162 | 4.82 | 0 | | 47 | 2.47 | 11 | 29.00 | 6 |
| 2022 | അച്ചൻകോവിൽ | 8 | 0.70 | 4 | 0.97 | 2 | 0.47 | 0 | 0.00 | 0 |
| | പുനലൂർ | 188 | 17.48 | 28 | 4.94 | 54 | 17.23 | 4 | 16.00 | 12 |
| | തെന്മല | 80 | 0.70 | 63 | 10.39 | 15 | 0.63 | 0 | 0.00 | 2 |
| | തിരുവനന്തപുരം | 140 | 4.96 | 4 | 0.22 | 119 | 4.97 | 4 | 20.50 | 7 |
| 2023 | അച്ചൻകോവിൽ | 3 | 0.39 | 0 | 0.00 | 1 | 0.22 | 0 | 0.00 | 0 |
| | പുനലൂർ | 113 | 4.57 | 12 | 1.78 | 38 | 3.86 | 3 | 17.00 | 5 |
| | തെന്മല | 22 | 1.77 | 36 | 7.99 | 8 | 0.29 | 0 | 0.00 | 3 |
| | തിരുവനന്തപുരം | 124 | 4.59 | 0 | 0.00 | 75 | 4.32 | 4 | 3.50 | 4 |
| 2024 | അച്ചൻകോവിൽ | 0 | 0.00 | 0 | 0.00 | 2 | 0.09 | 0 | 0.00 | 0 |
| | പുനലൂർ | 100 | 2.48 | 5 | 1.13 | 35 | 11.02 | 5 | 13.00 | 2 |
| | തെന്മല | 29 | 1.57 | 16 | 3.15 | 12 | 1.20 | 1 | 10.00 | 1 |
| | തിരുവനന്തപുരം | 23 | 3.06 | 0 | 0.00 | 18 | 1.19 | 2 | 6.00 | 1 |
| | **ആകെ** | **3251** | **177.924** | **441** | **66.312** | **865** | **162.55** | **103** | **297** | **155** |

Annexure – 3

| ഡിവിഷൻ | റിമാർക്സ് |
|---|---|
| അച്ചൻകോവിൽ | 02/24 മുതലുള്ള വേതനം നൽകാനുണ്ട്. |
| തെന്മല | 03/24 ലെ വേതനം ഭാഗീകമായി നൽകിയിട്ടുണ്ട്, 04/24 മുതലുള്ള വേതനം ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. |
| തിരുവനന്തപുരം | 03/24 മുതൽ വേതന കുടിശ്ശിക നൽകുവാനുണ്ട്. ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് വേതനം നൽകുന്നതാണ് |
| പുനലൂർ | 03/24 മുതലുള്ള വേതനം നൽകാനുണ്ട്. ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് വേതനം നൽകുന്നതാണ്. |

| LA No. 6249– Q No.D,F & G – (അനകസ്ർ -I) | | (രൂപ ലക്ഷത്തിൽ) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വർഷം | ഡിവിഷൻ | കൃഷിനാശം | | കാലി നാശം | | പരിക്ക് | | മരണം | | ജീവൻ നഷ്ടപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം |
| | | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | |
| 2015 | അച്ചൻകോവിൽ | 6 | 0.53 | 1 | 0 | 1 | 0.27 | 0 | 0 | 0 |
| | പുനലൂർ | 24 | 2.23 | 18 | 1.03 | 13 | 2.79 | 5 | 10.00 | 10 |
| | തെന്മല | 19 | 0.83 | 45 | 2.47 | 1 | 0.07 | 0 | 0 | 1 |
| | തിരുവനന്തപുരം | 44 | 4.64 | 2 | 0.2 | 5 | 0.98 | 5 | 5.00 | 9 |
| 2016 | അച്ചൻകോവിൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | പുനലൂർ | 67 | 4.42 | 21 | 4.9 | 46 | 12.03 | 9 | 9.00 | 14 |
| | തെന്മല | 11 | 0.89 | 6 | 0.53 | 5 | 0.5 | 0 | 0 | 1 |
| | തിരുവനന്തപുരം | 117 | 15.38 | 2 | 0.102 | 16 | 2.68 | 5 | 20.00 | 5 |
| 2017 | അച്ചൻകോവിൽ | 0 | 0 | 0 | 0 | 2 | 0.13 | 0 | 0 | 0 |
| | പുനലൂർ | 115 | 7.63 | 9 | 1.48 | 18 | 6.80 | 4 | 8.00 | 10 |
| | തെന്മല | 30 | 0.96 | 17 | 1.25 | 5 | 0.49 | 0 | 0.00 | 2 |
| | തിരുവനന്തപുരം | 285 | 14.47 | 0 | 0.00 | 31 | 4.27 | 6 | 18.00 | 0 |
| 2018 | അച്ചൻകോവിൽ | 7 | 1.18 | 0 | 0.00 | 2 | 0.24 | 0 | 0.00 | 0 |
| | പുനലൂർ | 118 | 8.25 | 13 | 2.64 | 47 | 13.26 | 4 | 16.00 | 16 |
| | തെന്മല | 20 | 1.05 | 14 | 2.00 | 9 | 1.27 | 0 | 0.00 | 0 |
| | തിരുവനന്തപുരം | 292 | 11.08 | 0 | 0.00 | 33 | 3.37 | 5 | 6.00 | 2 |
| 2019 | അച്ചൻകോവിൽ | 3 | 0.48 | 0 | 0.00 | 0 | 0.00 | 0 | 0.00 | 0 |
| | പുനലൂർ | 226 | 12.22 | 24 | 4.87 | 33 | 15.82 | 7 | 13.00 | 4 |
| | തെന്മല | 60 | 2.74 | 23 | 3.23 | 8 | 1.64 | 0 | 0.00 | 12 |
| | തിരുവനന്തപുരം | 157 | 5.81 | 0 | 0.00 | 34 | 6.50 | 5 | 19.00 | 2 |
| 2020 | അച്ചൻകോവിൽ | 4 | 0.65 | 3 | 0.39 | 0 | 0.00 | 0 | 0.00 | 0 |
| | പുനലൂർ | 210 | 11.58 | 6 | 1.35 | 45 | 18.35 | 4 | 8.00 | 4 |
| | തെന്മല | 35 | 2.92 | 17 | 2.09 | 12 | 1.36 | 0 | 0.00 | 7 |

| LA No. 6249- Q No.D,F & G - (അനകസ്ർ -I) | | | | (രൂപ ലക്ഷത്തിൽ) | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വർഷം | ഡിവിഷൻ | കൃഷിനാശം | | കാലി നാശം | | പരിക്ക് | | മരണം | | ജീവൻ നഷ്ടപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം |
| | | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | എണ്ണം | നൽകിയ തുക | |
| | തിരുവനന്തപുരം | 162 | 4.54 | 4 | 1.13 | 40 | 2.58 | 3 | 28.00 | 2 |
| 2021 | അച്ചൻകോവിൽ | 12 | 1.26 | 2 | 0.18 | 1 | 0.19 | 0 | 0.00 | 0 |
| | പുനലൂർ | 213 | 14.15 | 18 | 2.76 | 28 | 18.80 | 7 | 22.00 | 2 |
| | തെന്മല | 22 | 0.94 | 28 | 3.14 | 4 | 0.20 | 0 | 0.00 | 9 |
| | തിരുവനന്തപുരം | 162 | 4.82 | 0 | | 47 | 2.47 | 11 | 29.00 | 6 |
| 2022 | അച്ചൻകോവിൽ | 8 | 0.70 | 4 | 0.97 | 2 | 0.47 | 0 | 0.00 | 0 |
| | പുനലൂർ | 188 | 17.48 | 28 | 4.94 | 54 | 17.23 | 4 | 16.00 | 12 |
| | തെന്മല | 80 | 0.70 | 63 | 10.39 | 15 | 0.63 | 0 | 0.00 | 2 |
| | തിരുവനന്തപുരം | 140 | 4.96 | 4 | 0.22 | 119 | 4.97 | 4 | 20.50 | 7 |
| 2023 | അച്ചൻകോവിൽ | 3 | 0.39 | 0 | 0.00 | 1 | 0.22 | 0 | 0.00 | 0 |
| | പുനലൂർ | 113 | 4.57 | 12 | 1.78 | 38 | 3.86 | 3 | 17.00 | 5 |
| | തെന്മല | 22 | 1.77 | 36 | 7.99 | 8 | 0.29 | 0 | 0.00 | 3 |
| | തിരുവനന്തപുരം | 124 | 4.59 | 0 | 0.00 | 75 | 4.32 | 4 | 3.50 | 4 |
| 2024 | അച്ചൻകോവിൽ | 0 | 0.00 | 0 | 0.00 | 2 | 0.09 | 0 | 0.00 | 0 |
| | പുനലൂർ | 100 | 2.48 | 5 | 1.13 | 35 | 11.02 | 5 | 13.00 | 2 |
| | തെന്മല | 29 | 1.57 | 16 | 3.15 | 12 | 1.20 | 1 | 10.00 | 1 |
| | തിരുവനന്തപുരം | 23 | 3.06 | 0 | 0.00 | 18 | 1.19 | 2 | 6.00 | 1 |
| | **ആകെ** | **3251** | **177.924** | **441** | **66.312** | **865** | **162.55** | **103** | **297** | **155** |